## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2036 — 08.03.2018- ൽ മറുപടിക്ക്

### ചെറുകിട-ഇടത്തരം വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

**ചോദ്യം**

ശ്രീ. അൻവർ സാദത്ത്
,, കെ.എസ്. ശബരീനാഥൻ

**ഉത്തരം**

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങൾ കടുത്ത പ്രതിസന്ധിയിലാണോ എന്ന് വ്യക്തമാക്കാമോ; | (എ) | പ്രതിസന്ധി നേരിടുന്ന 602 ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്ത ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ നേരിടുന്ന വളർച്ചാ മുരടിപ്പും അനുബന്ധ പ്രശ്നങ്ങളും ആദ്യ ഘട്ടത്തിൽത്തന്നെ കണ്ടെത്തി പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) & (സി) | കേരളത്തിലെ ചെറുകിട വ്യവസായ മേഖലയിൽ യഥാസമയം വായ്പ ലഭിക്കാത്ത മൂലമുള്ള പ്രശ്നങ്ങൾ, വിപണനത്തിലെ പ്രശ്നങ്ങൾ, ഫലപ്രദമല്ലാത്ത മാനേജ്മെന്റ് സമ്പ്രദായങ്ങൾ, ഉൽപ്പന്നം/സേവനത്തിനുള്ള ആവശ്യകതയുടെ മാന്ദ്യം എന്നീ കാരണങ്ങളാൽ തകർച്ച നേരിടുന്ന വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ആർ.ബി.ഐ. യുടെ ഗൈഡ് ലൈൻസ് പ്രകാരം നടപ്പിലാക്കിവരുന്നു. പൊതു മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ബാങ്കുകൾക്ക് ജില്ലാ അടിസ്ഥാനത്തിലും മേഖല അടിസ്ഥാനത്തിലും "Stressed Asset Management Committee" കൾ രൂപീകരിച്ചുവരുന്നു. ഇത്തരം കമ്മിറ്റികളിൽ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ അംഗങ്ങളാണ് . ഈ രീതിയിൽ ചെറുകിട വ്യവസായ സംരംഭങ്ങളുടെ പുനരുദ്ധാരണപ്രവർത്തനങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഫലപ്രദമായ രീതിയിൽ ഇടപെടലുകൾ നടത്തിവരുന്നു .<br>കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ കൺസോർഷ്യവും, വ്യവസായ വകുപ്പും ചേർന്ന് കോർപ്പസ് ഫണ്ട് ലഭ്യമാക്കി, ഇത്തരം പീഢിത വ്യവസായങ്ങളെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു . |
| (സി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകാമോ ? | | |

സെക്ഷൻ ഓഫീസർ